

# കരുത്ത് പകരുന്ന കൂട്ടായ്മകൾ

● താഹിറ റാസിഖ്, ഷാർജ

വാഴവക്കത്തും വേലിക്കിരുവശവും കിണറ്റിൻകരയിലും സൊറ പറഞ്ഞിരിക്കുന്ന പെണ്ണുങ്ങളുടെ ചിത്രം ഒരു കാലത്ത് മലയാളസാഹിത്യത്തിലെ കഥാ-നോവലുകളിലെ നിത്യകാഴ്ചയായിരുന്നു. ഇത്തരം വട്ടമേശാ സമ്മേളനങ്ങളിൽ നടക്കുന്ന ചർച്ചകളെന്തെന്ന് അൽപം മാറിനിന്ന് വീക്ഷിച്ചുനോക്കൂ. വളരെ നിസ്സാരങ്ങളായ, അവഗണിച്ചു തള്ളേണ്ട കാര്യങ്ങളായിരിക്കും പലപ്പോഴും സുദീർഘങ്ങളായ സംഭാഷണങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും വിഷയങ്ങളാകുന്നത്. കൊച്ചുകൊച്ചു സംഭവങ്ങൾ സംഭാഷണപടുക്കളായ സ്ത്രീകളുടെ മുന്നിലെത്തുമ്പോൾ കാൽപനികത്വം നിറഞ്ഞ, സംഭവബഹുലമായ സംഭാഷണങ്ങളായി മാറുന്നത് വിസ്മയത്തോടെയേ നോക്കിനിൽക്കാനാവൂ.

കൂട്ടുകുടുംബങ്ങളും തറവാടുവീടുമൊക്കെ അസ്തമിച്ചു തുടങ്ങിയപ്പോൾ ഇത്തരം കൂട്ടായ്മകൾക്ക് ഇടം നഷ്ടപ്പെട്ടെങ്കിലും ഇന്നും പാർശ്വവത്കരിക്കപ്പെട്ട ഒരു വിഭാഗമായി സ്ത്രീവർഗം അവശേഷിക്കുകയാണ്. പഴയകാലത്ത് കൂട്ടംകൂടിയിരുന്നുള്ള വേണ്ടാ വർത്തമാനങ്ങളിലാണ് സമയം കളഞ്ഞതെങ്കിൽ ഇന്നത് സീരിയലുകളിലെ അമ്മായിയമ്മ പോരും നാത്തൂൻ പോരും കണ്ട് നെടുവീർപ്പിടുന്നതിലാണ്. മണിക്കൂറുകളോളം ഫോണിൽ സംസാരിക്കുന്നതും ചർച്ചചെയ്യുന്നതും പലപ്പോഴും ആവശ്യമില്ലാത്ത കാര്യങ്ങളായിരിക്കും. സാരിക്ക് ഡിസൈൻ ചെയ്യുന്നതും മുഖത്ത് ചായം തേക്കുന്നതുമാണ് പലപ്പോഴും സംസാരവിഷയം. സമയത്തിന്റെ വലിയൊരു പങ്ക് അപഹരിക്കുന്നത് ശരീരസൗന്ദര്യം വർധിപ്പിക്കാനുള്ള ഉപാധി ആലോചിച്ചിരുന്നുകൊണ്ടാണ്. സമൂഹത്തിന്റെ പകുതിയെ പ്രതിനിധാനം ചെയ്യുന്ന സ്ത്രീകൾ നിസ്സാര കാര്യങ്ങൾക്കായ് സമയം ചെലവഴിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നുകഴിയുകയാണ്.

പ്രവാചകനും ഖുലഫാ-ഉ-റാശിദുകൾക്കും ശേഷം ക്രമേണ ഇസ്‌ലാമിക ആദർശ സമൂഹത്തിന് അപചയം സംഭവിക്കാൻ തുടങ്ങിയതോടെ ഇസ്‌ലാമിലും സ്ത്രീ അരികുപറ്റിയവളായി. പൗരോഹിത്യ-പുരുഷാധിപത്യത്തിന്റെ അലിഖിത നിയമങ്ങൾ അവളെ നിശബ്ദയാക്കി. ചിലപ്പതികാരത്തിലെ കണ്ണകിയായും കടമ്മനിട്ടയുടെ കുറത്തിയായും അവളുടെ സംഘർഷങ്ങൾ ഉരുൾപൊട്ടലുകളായി അവിടവിടെ ആവിഷ്കരിക്കപ്പെട്ടുവെന്നല്ലാതെ അവളെ മനസ്സിലാക്കാനുള്ള ശ്രമങ്ങളുണ്ടായില്ല. വിദ്യാഭ്യാസ-സാമൂഹിക-രാഷ്ട്രീയതലങ്ങളിൽ വ്യാപരിച്ചിരുന്ന അവളുടെ ഇടം ചെറുതായി. വീടും അടുക്കളയുമായി അവളുടെ ലോകം ഒതുങ്ങി. വീട്ടിലെ ആണുങ്ങളുടെ രുചിഭേദങ്ങൾക്കനുസരിച്ച് ഭക്ഷണമുണ്ടാക്കുകയും അവരുടെ ഉച്ഛിഷ്ടം കഴിക്കുകയും ചെയ്യുക എന്നത് മാത്രമായി അവളുടെ വിധി

പെൺകുട്ടികളെ മൂന്നും നാലും ക്ലാസ്സുകളിൽ പഠിപ്പുനിർത്തിച്ച്, വീടിനകവും അടുക്കളമുറ്റവുമായി അവരുടെ ഇടം ഒതുങ്ങിയപ്പോൾ വസ്ത്രത്തിന്റെ ഭംഗിയും മുഖകാന്തിയും പരദൂഷണവും മാത്രമേ അവൾക്ക് സംസാരിക്കാനുണ്ടായിരുന്നുള്ളൂ. കടലിനെ അറിയാത്ത കിണറ്റിലെ തവളയെ പോലെയായി അവളുടെ ജീവിതം.

പുരുഷനെപ്പോലെ മജ്ജയും മാംസവും ബുദ്ധിയും ചിന്താശേഷിയും ആശയും അഭിലാഷങ്ങളുമുള്ള ഒരു വ്യക്തിത്വമല്ലേ സ്ത്രീയും? സമൂഹനിർമിതിയിൽ ഭാഗമാവേണ്ട അവളുടെ കർമശേഷി അവഗണിക്കപ്പെട്ടതെങ്ങനെയാണ്? സാമൂഹിക സാംസ്കാരിക സമരരംഗങ്ങളിൽ അത്യുജ്വല സ്ത്രീ മാതൃകകൾ ചരിത്രത്തിലുണ്ടായിട്ടില്ലേ? വിജ്ഞാന ശാസ്ത്രങ്ങളിൽ മികവുപുലർത്തിയ പ്രവാചക പത്നി ആയിശ(റ), മുഹമ്മദലിയെയും ഷൗക്കത്തലിയെയും ദേശക്കൂറുള്ള മക്കളാക്കി വളർത്തിയ ബീ ഉമ്മ, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്നായ് തന്റെ വാഗ്മിത്വം ആയുധമാക്കിയ സരോജിനി നായിഡു- ഇവരുടെയൊക്കെ ആത്മവീര്യവും മനോവീര്യവും പൈതൃകമായി കിട്ടിയവൾ എങ്ങനെ അരികുപറ്റിയവളായി? വിദ്യാഭ്യാസ- സാമൂഹികരംഗങ്ങളിൽ പ്രകടിപ്പിക്കാനാവാത്ത സാമർത്ഥ്യം നിസ്സാരകാര്യങ്ങളിൽ വിനിയോഗിച്ചെങ്കിൽ അതിനവളെ കുറ്റപ്പെടുത്തുന്നതെങ്ങനെ? സാമൂഹിക സംസ്കരണത്തിൽ അടയാളപ്പെടുത്താതെ പോയ പെണ്ണിന്റെ കർമശേഷി സമൂഹത്തിന്റെ സാംസ്കാരിക തകർച്ചക്ക് വളമായെന്നത് സ്വാഭാവികം മാത്രം.

ഇന്ന്, ഗ്രാമങ്ങളിലെ അയൽക്കൂട്ടങ്ങൾ തൊട്ട് അന്താരാഷ്ട്ര തലം വരെ വ്യാപിച്ചുകിടക്കുന്ന പെൺകൂട്ടായ്മകളിലൂടെ സ്ത്രീകളുടെ നൈസർഗിക കഴിവുകൾ ഉപയുക്തമാക്കിതീർക്കാനുള്ള ശ്രമം നടക്കുന്നു. പലപ്പോഴും പുരുഷകൂട്ടായ്മകളെ വെല്ലുന്ന പ്രകടനം ഇവർ കാഴ്ച വെക്കുന്നുമുണ്ട്.

സ്ത്രീയുടെ ജൈവപ്രകൃതി മാതൃത്വത്തിനനുയോജ്യമായ വിധമാണ്. വളക്കൂറുള്ള മണ്ണുപോലെ ആർദ്രതയും നിർമലവുമാണത്. ഈ സവിശേഷതയാണ് പലപ്പോഴും ബലഹീനതയും ചാപല്യവുമായി ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത്. 'ഗുസ്തിയിൽ ജയക്കുന്നവനല്ല, കോപം വരുമ്പോൾ ആത്മസംയമനം പാലിക്കുന്നവനാണ് ശക്തൻ' എന്ന പ്രവാചകവചനം മാനദണ്ഡമാക്കുമ്പോൾ സ്ത്രീയായിരിക്കും പുരുഷനെക്കാൾ ശക്ത. ഈ ശക്തിയെ സ്ത്രീകൾ തിരിച്ചറിയുന്നില്ലായെന്നതാണ് പ്രശ്നം. പാചകവും സൗന്ദര്യസംരക്ഷണവും മാത്രമല്ല, രാഷ്ട്രീയവും ഭരണവും സ്ത്രീകൾക്കും പ്രാപ്യമാകുന്ന വിഷയങ്ങളാണ്.

സന്താനപരിപാലനം പ്രധാനമായും മാതാവിന്റെ ചുമതല തന്നെയാണ്. അതിനർത്ഥം അവൾ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടവളാണ് എന്നല്ല.സമൂഹവുമായി സമ്പർക്കമില്ലാത്ത, പുറംലോകവുമായി പരിചയമില്ലാത്ത മാതാവ് എങ്ങനെയാണ് സാമൂഹിക പ്രതിബദ്ധതയുള്ള മക്കളെ വാർത്തെടുക്കുക? അടച്ചിട്ടലോകം മനുഷ്യമനസ്സിനെ ഇടുങ്ങിയതാക്കുന്നു. സ്വാർത്ഥനും മടിയനുമാക്കുന്നു. തുറന്നിട്ട ലോകത്തെ ശുദ്ധവായുവും വെളിച്ചവുമാണ് സ്വതന്ത്രമുള്ള മനസ്സുകളെ സൃഷ്ടിക്കുകയുള്ളൂ. മനുഷ്യസഹജമായതൊക്കെ സ്ത്രീസഹജവുമാണ്. സ്ത്രീയുടെ വ്യക്തിത്വവും കാറ്റും വെളിച്ചവുമേറ്റ് പുഷ്ടിപ്പെടേണ്ടതുണ്ട്. അറിവും തിരിച്ചറിവും കൊണ്ട് ശോഭിക്കേണ്ടതുണ്ട്.